**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 309** **07-10-2024 - ൽ മറുപടിയ്ക്ക്**

**കള്ള് ഷാപ്പ് ലൈസൻസുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പ് ലൈസൻസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ; പ്രതിദിനം എത്ര ലിറ്റർ കള്ളാണ് പ്രസ്തുത ഷാപ്പുകൾ വഴി വിറ്റഴിക്കുന്നത് എന്നതിന്റെ ജില്ലതിരിച്ചുള്ള ക്രോഡീകരിച്ച കണക്ക് ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര തെങ്ങ്/പനയിൽ നിന്നും കള്ള് ചെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന കള്ള് എത്ര ലിറ്ററാണ് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; സംസ്ഥാനത്തിന് പുറത്തുനിന്നും കള്ള് കൊണ്ടുവന്ന് വിതരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിദിനം എത്ര ലിറ്റർ വിതരണം നടത്തുന്നുണ്ട്; വ്യക്തമാക്കുമോ ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | കള്ളിൽ അടങ്ങിയിരിക്കുന്ന അനുവദനീയമായ ആൽക്കഹോളിന്റെ അളവ് എത്രയാണ്; ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി വിധിക്കെതിരെ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ സർക്കാർ വിശദീകരണത്തിന്റെ ഭാഗമായി ആൽക്കഹോൾ കണ്ടെന്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്ന് സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (സി) | കള്ളിൽ അടങ്ങിയിരിക്കുന്ന അനുവദനീയമായ ആൽക്കഹോളിന്റെ പരമാവധി അളവ് 8.1 % v/v ആണ്. ഇത് സംബന്ധിച്ച ബഹു. കേരള ഹൈക്കോടതിയുടെ വിധി ന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിധിയ്ക്കെതിരെ ലൈസൻസികൾ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ, സ്വാഭാവിക കള്ളിൽ അടങ്ങിയിരിക്കുന്ന ആൽക്കഹോളിന്റെ അളവ് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഒരു തീരുമാനം എടുക്കണമെന്ന് ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ബഹു. സുപ്രീം കോടതിയുടെ 01.05.2024 ലെ CA 4039-4053/2009 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ